ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ആദ്യ മെഡൽ സമ്മാനിച്ച് മനു ഭാകർ. വനിതകളുടെ 10 മീറ്റർ എയർപിസ്റ്റൽ വിഭാഗത്തിൽ വെങ്കലം. അഭിനന്ദനം അറിയിച്ച് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ.

   **In Paris Olymics, India's Manu Bhaker opened the medal account for India with the bronze medal in 10m air pistol event. Many imminient personalities including President and PM congratulated Manu for the win**

2. ഒളിമ്പിക്സിൽ മത്സരിക്കുന്ന രാജ്യത്തിന്റെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ.

   **PM Narendra Modi today said in Mann ki Baat that we should encourage the athelets of India who are participating in the Olympics**

3. ഇന്ത്യ- അമേരിക്ക ഉഭയകക്ഷി ബന്ധം മികച്ച നിലയിലെന്ന് വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ. നാളെ ടോക്കിയോയിൽ ആരംഭിക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

   **External Affairs Minister Dr S Jaishankar said India-US bilateral agenda is progressing steadily. Dr S Jaishankar will participate in the QUAD Foreign Ministers meeting tomorrow in Tokyo.**

4. ഡൽഹി സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിൽ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് പേർ മരിച്ച സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകി ഡൽഹി ലഫ്റ്റനൻറ് ഗവർണർ.

**Kerala CM Pinarayi Vijayan expressed grief in the death of three civil services aspirants including a Malayalee student, after flooding in a coaching centre in Delhi. Delhi Lt Governor gave instructions to submit report on the incident**

5. ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുന് വേണ്ടിയുള്ള തെരച്ചിൽ താൽക്കാലികമായി നിർത്തി. ദൗത്യം ഉപേക്ഷിക്കരുതെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രിക്ക് കത്ത് അയച്ചു.

**The search operation for the Kozhikode native Arjun who went missing in Karnataka landslide has been stopped temporarily. Kerala CM sents letter to Karnataka CM asking not to stop the rescue operation**

6. ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ത്യയെ പരാജയപ്പെടുത്തി ശ്രീലങ്ക ചാമ്പ്യൻമാർ.

**In Asia cup Women T20, Srilanka bags the title after defeating Indian team**

**&&&&&&&&&&&&&**

## HEADLINE 1
## REV. OLYMPIC MANU BHAKER-BRONZE- INTRO

പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്കായി ആദ്യ മെഡൽ നേടി മനു ഭാക്കർ. ഷൂട്ടിങ്ങിൽ ഇന്ത്യയക്ക് വേണ്ടി ഒളിമ്പിക് മെഡൽ നേടുന്ന ആദ്യ വനിത എന്ന ചരിത്രനേട്ടം കൂടി മനു സ്വന്തമാക്കി. പാരീസ് ഒളിംപിക്സിൽ വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഫൈനൽ ഇനത്തിലാണ് 221.7 സ്കോറോടെ മനു ഭാക്കർ വെങ്കല മെഡൽ നേടിയത്. ഇന്ത്യയ്ക്കായി മെഡൽ നേടാൻ സാധിച്ചതിൽ സന്തോഷം ഉണ്ടെന്നും, തന്നെ പിന്തുണച്ച ലോകമെമ്പാടുമുള്ള ഇന്ത്യാക്കാർക്ക് നന്ദിയറിയിക്കുന്നെന്നും മനു ഭാകർ ആകാശവാണിയോട് പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

കൊറിയൻ ഷൂട്ടർമാരായ കിം യെജി, ഓ യേ ജിൻ എന്നിവർക്കെതിരെയായിരുന്നു മനു തന്റെ അസാധാരണമായ കഴിവ് പ്രകടിപ്പിച്ചത്.

**&&&&&&&&&&&&&**

## PREZ PM - MANU BHAKAR

2024 ലെ പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ വെങ്കലം നേടിയ മനു ഭാക്കറിനെ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു. മനു ഭാക്കറിൻ്റെ ഈ നേട്ടം നിരവധി കായിക താരങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രചോദനമാകുമെന്നും ഭാവിയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കട്ടെയെന്നും രാഷ്ട്രപതി ആശംസിച്ചു. ഇന്ത്യക്ക് വേണ്ടി ഷൂട്ടിംഗിൽ മെഡൽ നേടുന്ന ആദ്യ വനിതയായി മാറിയതിനാൽ ഇത് ചരിത്ര നേട്ടമാണെന്നും ഈ വിജയം കൂടുതൽ അഭിമാനം നൽകുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&

## HEADLINE 2
## MKB- OLYMPICS- INTRO

ലോകവേദിയിൽ ത്രിവർണപതാക ഉയർത്താൻ ഒളിമ്പിക്സ്, കായികതാരങ്ങൾക്ക് അവസരം നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പാരീസ് ഒളിമ്പിക്സിൽ മത്സരിക്കുന്ന രാജ്യത്തിന്റെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി പറഞ്ഞു. അടുത്തിടെ നടന്ന അന്താരാഷ്ട്ര ഗണിതശാസ്ത്ര ഒളിമ്പ്യാഡിൽ ഭാരതത്തിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി സംവദിച്ചു.

(പി.എം. വോയിസ്)

&&&&&&&&&&&&&

## MKB- HAR GHAR TIRANGA

സമീപ വർഷങ്ങളിൽ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയുടെ ആവേശം രാജ്യമെമ്പാടും ഉയർന്നതായി ശ്രീ. മോദി. ഈ വർഷവും ദേശീയപതാകയ്ക്കൊപ്പമുള്ള സെൽഫികൾ 'harghartiranga.com' ൽ അപ്‌ലോഡ് ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആഗസ്റ്റ് 15 ന് മുന്നോടിയായി വിവിധ

നിർദ്ദേശങ്ങൾ MyGov പ്ലാറ്റ്ഫോമിലൂടെയും, NaMo ആപ്പിലൂടെയും അയക്കാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. സ്വാതന്ത്ര്യ ദിനത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ കഴിയുന്നത്ര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&

## MKB- KHADI, DRUGS, TIGERS

മയക്കുമരുന്നിന്റെ വെല്ലുവിളികളെ നേരിടാൻ സർക്കാർ ആരംഭിച്ച 'മാനസ്' പോർട്ടലും ഹെൽപ് ലൈനും, വലിയൊരു ചുവടുവയ്പ്പാണെന്നും ശ്രീ മോദി പരാമർശിച്ചു. നാളെ 'ലോക കടുവദിനം ആണെന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, കടുവകൾ നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പറഞ്ഞു. ഭാരതത്തിൽ കടുവകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നും, കടുവകളുടെ സംരക്ഷണത്തിൽ പൊതുജന പങ്കാളിത്തം വളരെയധികം ഗുണം ചെയ്യെന്നും മൻകി ബാത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കി. ലോകത്തിലെ കടുവകളിൽ 70 ശതമാനവും നമ്മുടെ രാജ്യത്താണെന്നും അദ്ദേഹം പറഞ്ഞു. ഖാദി വ്യവസായവുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് സ്ത്രീകൾ ആണെന്നും അവർക്കാണ് വളർച്ചയുടെ പ്രയോജനം കൂടുതൽ ലഭിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

## MKB- CULTURE

സ്വന്തം സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നതിലൂടെ മാത്രമേ രാജ്യത്തിന് മുന്നോട്ട് പോകാനാവൂ എന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. യുനെസ്കോയുടെ ലോക പൈതൃക കേന്ദ്ര പട്ടികയിൽ ആസമിലെ ചരായിദേവ് മൊയ്ദാം ഉൾപ്പെടുത്താൻ പോകുകയാണെന്നും, ഇത് ഇന്ത്യയിലെ 43-ാമത്തേയും, വടക്കു കിഴക്കൻ മേഖലയിലെ ആദ്യത്തെയും ലോക പൈതൃക കേന്ദ്രമായിരിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അഹോം രാജവംശത്തിലെ ജനങ്ങൾ തങ്ങളുടെ പൂർവ്വികരുടെ മൃതദേഹങ്ങളും അവരുടെ വിലപിടിപ്പുള്ള വസ്തുക്കളും സൂക്ഷിച്ചിരുന്ന

കുന്ന് പോലെയുള്ള നിർമ്മിതികളാണ് മൊയ്ദാം. ലോക പൈതൃക കേന്ദ്രമാകുന്നതോടെ, കൂടുതൽ വിനോദസഞ്ചാരികൾ ഇവിടെയെത്തുമെന്നു പറഞ്ഞ പ്രധാനമന്ത്രി, ഭാവി യാത്രകളിൽ ഇവിടം ഉൾപ്പെടുത്തണമെന്നും നിർദേശിച്ചു.

&&&&&&&&&&&&&

## OLYMPIC RESULT

പാരിസ് ഒളിമ്പിക്സിൽ വനിതാ സിംഗിൾസ് ടേബിൾ ടെന്നിസിൽ 64-ാം റൗണ്ടിൽ സ്വീഡിഷ് താരത്തെ പരാജയപ്പെടുത്തി ഇന്ത്യയുടെ ശ്രീദ അകുല അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു. പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിൾസിൽ അർജുൻ ബബുത ഫൈനൽ യോഗ്യത നേടി . ഏഴാമതായി ഫിനിഷ് ചെയ്താണ് അർജുൻ ഫൈനൽ ബർത്ത് ഉറപ്പിച്ചത്. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾസിൽ അഞ്ചാമതായി ഫിനിഷ് ചെയ്ത് ഇന്ത്യയുടെ രമിതാ ജിൻഡാൽ ഫൈനൽ യോഗ്യത നേടി. പുരുഷ സിംഗിൾസ് തുഴച്ചിൽ മത്സരത്തിൽ ബൽരാജ് പൻവാർ ക്വാർട്ടർ ഫൈനൽസിലേക്ക് പ്രവേശിച്ചു. രണ്ടാമതായി ഫിനിഷ് ചെയ്താണ് ബൽരാജിൻറെ നേട്ടം.

&&&&&&&&&&&&&

## HEADLINE 3
## JAISHANKAR BLINKEN

നാളെ നടക്കാനിരിക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻറണി ബ്ലിങ്കനുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ ടോക്യോയിൽ കൂടിക്കാഴ്ച നടത്തി. നിരവധി പ്രാദേശിക- ആഗോള പ്രശ്നങ്ങൾ ഇരുവരും ചർച്ച നടത്തി. ഇന്ത്യ- അമേരിക്ക ഉഭയകക്ഷി ബന്ധം മികച്ച നിലയിൽ പുരോഗമിക്കുന്നതായും ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഏറെ പ്രതീക്ഷയോടെ നോക്കികാണുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&

## HEADLINE 5
## DELHI LG - STUDENTS DEATH

സെൻട്രൽ ഡൽഹിയിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിൻറെ അടിത്തട്ടിൽ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥികൾ മരിച്ച സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. ജെ.എൻ യു ഗവേഷക വിദ്യാർത്ഥിയായ എറണാകുളം സ്വദേശി നവീൻ ഡെൽവിനാണ് മരിച്ച മലയാളി. ഗവേഷണത്തോടൊപ്പം സിവിൽ സർവീസ് പരിശീലനവും നടത്തിവരുകയായിരുന്നു നവീൻ. തെലങ്കാന, ഉത്തർപ്രദേശ് സ്വദേശികളായ പെൺകുട്ടികളാണ് മരിച്ച് മറ്റ് രണ്ട് പേർ. സംഭവത്തിൽ കോച്ചിംഗ് സെൻ്ററർ ഉടമയെ പോലീസ് കസ്റ്റഡിയിലെടുത്തു. അപകടത്തിൽ ഡൽഹി ലഫ്റ്റനൻറ് ഗവർണർ വിനയ്കുമാർ സക്സേന അതീവ ദുഃഖം രേഖപ്പെടുത്തി. വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം ഡിവിഷണൽ കമ്മിഷണറോട് നിർദേശിച്ചു. സംഭവത്തിനു കാരണക്കാരായവർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

&&&&&&&&&&&&&&

## HEADLINE 5
## KARNATAKA -ARJUN

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനിനെ കണ്ടെത്താനുള്ള പതിമൂന്നാം ദിവസത്തെ ശ്രമവും പരാജയപ്പെട്ടു. ഗംഗാവലി പുഴയിൽ ശക്തമായ അടിയൊഴുക്കുള്ളതിനാൽ തിരച്ചിൽ താൽക്കാലികമായി നിർത്തിവയ്ക്കുകയാണെന്ന് കാർവാർ എം എൽ എ അറിയിച്ചു. അർജുനായുള്ള തിരച്ചിൽ തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ, കർണാടക മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. തിരച്ചിൽ താല്കാലികമായി നിർത്തിയതായി റിപ്പോർട്ടുകൾ വന്നതിന്റെ പശ്ചാത്തലത്തിലാണ് ശ്രീ. പിണറായി വിജയൻ, സിദ്ധരാമയ്യക്ക് കത്തെഴുതിയത്. കൂടുതൽ ഊർജ്ജിതമായും, ആവശ്യമായ ഉപകരണങ്ങൾ ഉപയോഗിച്ചും

തിരച്ചിൽ തുടരണം. ഫലപ്രാപ്തി ഉണ്ടാകുന്നത് വരെ രക്ഷാപ്രവർത്തനം തുടരാൻ നിർദ്ദേശം നൽകണമെന്നും, മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&

## HEADLINE 6
## ASIA CUP- T 20

ഏഷ്യാ കപ്പ് വനിതാ ടി20 ക്രിക്കറ്റ് കിരീടം ശ്രീലങ്കയ്ക്ക്. ഫൈനലിൽ ഇന്ത്യയെ 8 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്കയുടെ ജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 165 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്ക 2 വിക്കറ്റ് നഷ്ടത്തിൽ 8 പന്ത് ബാക്കി നിൽക്കെ 167 റൺ നേടി ലക്ഷ്യം കണ്ടു.

&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപകമായി മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

&&&&&&&&&&&&&

## KARNATAKA-NIRMALA SITHARAMAN

കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകുന്ന നികുതി വിഭജനത്തെക്കുറിച്ച് തെറ്റായ പ്രചാരണം നടത്തുന്ന പ്രതിപക്ഷത്തിനും കർണാടക സംസ്ഥാന സർക്കാരിനുമെതിരെ പ്രതികരിച്ചു ധനമന്ത്രി നിർമല സീതാരാമൻ. ബംഗളൂരുവിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കവെ, യുപിഎയുടെയും എൻഡിഎയുടെയും കാലത്ത് കർണാടകയ്ക്ക് നൽകിയ വിഹിതം താരതമ്യം ചെയ്യുള്ള കണക്കുകൾ ധനമന്ത്രി പുറത്തുവിട്ടു. 2014 മുതൽ 2024 വരെ 2,95,818 കോടി രൂപയായിട്ട് വർധിച്ചുവെന്നും അവർ പറഞ്ഞു. പ്രധാനമന്ത്രി ആവാസ് യോജന,

എംഎസ്എംഇകൾക്കുള്ള പ്രോത്സാഹനങ്ങൾ, ഗവേഷണ വികസന വായ്പാ പദ്ധതികൾ, തുടങ്ങിയവയിലൂടെ ബംഗളുരു കേന്ദ്ര ബജറ്റിൽ നിന്ന് പ്രയോജനം നേടിയിട്ടുണ്ടെന്നും നിർമല സീതാരാമൻ പറഞ്ഞു.

&&&&&&&&&&&&&

&&&&&&&&&&

&&&